കേരള സർക്കാർ

## പതിനാലാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2408**

**06.12.2018-ലെ മറുപടിയ്ക്ക്**

## സ്കൂൾ കൗൺസലർമാരുടെ തസ്തിക

| ചോദ്യം | | മറുപടി |
|---|---|---|
| അഡ്വ.എം.സ്വരാജ് എം.എൽ.എ | | ഡോ.റ്റി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | സർക്കാർ സ്കൂളുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന സ്കൂൾ കൗൺസലർമാരുടെ തസ്തിക കൂടി **ജി.ഒ(പി) നം.56/2017** ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനും അതനുസരിച്ചുള്ള വേതനം ഇവർക്ക് അനുവദിക്കുന്നതിനുമായി **ഓർഗനൈസേഷൻ ഓഫ് സോഷ്യൽ വർക്കേഴ്സ് ആന്റ് കൗൺസലേഴ്സ്** എന്ന സംഘടന നൽകിയ നിവേദനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | പ്രസ്തുത നിവേദനം ധനകാര്യ വകുപ്പിന്റെ വെൽഫെയർ വിംഗിൽ **WW-WW2/395/2018-Fin** നമ്പർ ഫയലിൽ പരിശോധിക്കുകയും അതിൻ പ്രകാരം ചുവടെ ചേർക്കുന്ന വിവരങ്ങൾ സഹിതം സെക്രട്ടറിതലത്തിൽ ഫയൽ ലഭ്യമാക്കുവാൻ **12.11.2018**-ൽ ഇതേ നമ്പറായുള്ള അനൗദ്യോഗിക കുറിപ്പിലൂടെ സാമൂഹ്യ നീതി വകുപ്പിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട് :-<br><br>1. ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം തസ്തികക്ക്/സമാന തസ്തികക്ക് നൽകി വരുന്ന വേതനം<br>2. നിലവിൽ വാങ്ങുന്ന വേതനം, ആയത് അനുവദിച്ച ഉത്തരവ്<br>3. സൈക്കോ സോഷ്യൽ കൗൺസലർ തസ്തികയുടെ വേതനം ഉയർത്തുന്ന വിഷയം പരിശോധിക്കുന്നതിനായി ടി തസ്തിക സർക്കാർ അംഗീകൃത തസ്തികയാണോ ആണെങ്കിൽ ഇതു സംബന്ധിച്ച രേഖകൾ<br>4. **ജി.ഒ(പി) നം. 28/2016/ധന തീയതി : 26.02.2016, ജി.ഒ(പി) നം.56/2017/ധന തിയതി : 28.04.2017, ജി.ഒ(പി) നം.112/2018/ധന തിയതി : 21.07.2017** എന്നീ ഉത്തരവുകളിലെ നിബന്ധനകൾ പൂർണ്ണമായും പാലിക്കുവാൻ കഴിയുമോ എന്നുള്ള വിവരം |
| (ബി) | ഇത് സംബന്ധമായി WW2/395/2018/FIN എന്ന ഫയൽ നിലവിലുണ്ടോ; | ഉണ്ട് |
| (സി) | വളരെ പരിഗണന അർഹിക്കുന്ന പ്രസ്തുത നിവേദനം പരിശോധിച്ച് സമയബന്ധിതമായി തീരുമാനം സ്വീകരിക്കുമോ; വിശദമാക്കുമോ? | ഭരണ വകുപ്പിൽ നിന്നും ഫയൽ ലഭ്യമാക്കുന്ന മുറക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**